ശ്രീ. എൻ. രാജഗോപാലൻ നായർ : അതനുസരിച്ച് എന്ത് നടപടി എടുത്തു?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിലേക്ക വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണെന്നു് ഞാൻ ആദ്യം പറഞ്ഞുകഴിഞ്ഞതല്ലോ.

ശ്രീ. എം. എം. അബ്ദുൽ ഖാദർ : പി. ഡബ്ലിയു. ഡി. വക്ക ഷാപ്പ്, ഫാക്ടറി ആക്ടറ് അനുസരിച്ചു നിയമം ലംഘിച്ചതിനു നടപടി എടുക്കേണ്ടതു പി. ഡബ്ലിയു. ഡി. വകുപ്പു മന്ത്രിയുടെ പേരിലോ, വക്ക ഷാപ്പു സൂപ്രണ്ടിന്റെ പേരിലോ?

Mr. Speaker : Order, order. All those things are in the Factory Act. That will be acted upon. Next question, Mr. Divakaran

ഭവനനിർമ്മാണപദ്ധതി.

*൪൬. [൨] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം അനുസരിച്ചു് കേന്ദ്ര ഗവണ്മെന്റിൽനിന്നും ഫണ്ട് ൧൯൫൫-൫൬-ൽ സംസ്ഥാനസർവ്വണ്മെന്റിനു് ലോണായോ, ഗ്രാന്റായോ എത്ര രൂപ ലഭിച്ചിട്ടുണ്ടു് ;

(ബി) കേന്ദ്രഗവണ്മെന്റു് വാഗ്ദാനം ചെയ്തിരുന്ന തുകയിൽ എന്തെങ്കിലും ലാപ്സായി പോയിട്ടുണ്ടോ ;

(സി) ഫണ്ട് ൧൯൫൬-൫൭-ൽ കേന്ദ്രഗവണ്മെന്റിൽനിന്നും സഹായധനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഈ സ്കീം അനുസരിച്ചു് ഭവനനിർമ്മാണത്തിനു് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്തെല്ലാം കേന്ദ്രത്തിൽ എത്ര വീടുകൾവീതം?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം അനുസരിച്ചു കേന്ദ്രഗവണ്മെന്റിൽനിന്നും ഫണ്ട് ൧൯൫൫-൫൬-ൽ സംസ്ഥാനസർവ്വണ്മെന്റിനു് ലോണായോ, ഗ്രാന്റായോ ധനസഹായം ലഭിച്ചിട്ടില്ല.

(ബി) കേന്ദ്രഗവണ്മെന്റു് വാഗ്ദാനംചെയ്ത തുകയിൽനിന്നും എന്തെങ്കിലും ലാപ്സായിപ്പോയിട്ടുണ്ടോ എന്നാണു ചോദ്യം. അങ്ങനെ വാഗ്ദാനമുണ്ടായിട്ടില്ല.

(സി) ഫണ്ട് ൧൯൫൬-൫൭-ൽ കേന്ദ്രഗവണ്മെന്റിൽനിന്നും സഹായധനം ലഭിച്ചിട്ടില്ല.

(ഡി) ഈ സ്കീം അനുസരിച്ചു ഭവനനിർമ്മാണത്തിനുവേണ്ട നടപടി എടുത്തിട്ടുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തിരുവനന്തപുരം, കൊല്ലം, ഷൊറണൂർ, കണ്ണൂർ, ആലപ്പുഴ, എറണാകുളം, ആലുവാ, പെരുമ്പാവൂർ, തൃശ്ശൂർ, കൊരട്ടി മുതലായ സ്ഥലങ്ങളിൽ ഇങ്ങനെ വ്യവസ്ഥ നിലനിർത്തിക്കൊണ്ടുപോകണമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ : ഫസ്റ്റ് ടു-തേർഡ് കേന്ദ്രഗവണ്മെന്റിൽനിന്നും തുക അനുവദിക്കാത്തതു എന്തുകൊണ്ടാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഫസ്റ്റ്ടു-തേർഡ് ഇപ്പോൾ എർപ്പെടുത്തിക്കഴിഞ്ഞിട്ടില്ലായിരുന്നു. ഒരു സ്കീം അനുസരിച്ചു പണ്ടുമുതൽക്കുള്ള കേന്ദ്രഗവണ്മെന്റിൽനിന്നും തരാൻ ആലോചനയുണ്ടായിരുന്നു. അതിനുശേഷമാണ് ഇൻഡസ്ട്രിയൽ ഹൗസിംഗ് സ്കീം ഇവിടെ നടപ്പാക്കിയതു്. കേന്ദ്രഗവണ്മെന്റിന്റെ വർക്സ് മന്ത്രി ശ്രീ. സ്വരൻ സിംഗ് തിരുവനന്തപുരത്തു വന്ന അവസരത്തിൽ അദ്ദേഹവുമായി ഇതിനെപ്പറ്റി ആലോചിക്കുകയും ഫസ്റ്റ് ടു-തേർഡ് സ്കീം അനുസരിച്ചു തരാനുദ്ദേശിച്ചിരുന്ന പണ്ടുലക്ഷം രൂപക്കുടിയുംപ്പെടെ പുതിയ സ്കീം അനുസരിച്ചു തരാമെന്ന വാഗ്ദാനം നൽകുകയും ചെയ്തു.

ശ്രീ. ടി. കെ. ദിവാകരൻ : ആ വാഗ്ദാനം ഇപ്പോഴും നിലവിലിരിക്കുകയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ, ഇപ്പോഴും നിലവിലിരിക്കുകയാണ്.

Concessions available for the backward classes in this State.

*56. (3) **Shri A. A. D. Luiz:** Will the Minister for Local Self-Government be pleased to state :

(*a*) what are the concessions available for the backward classes in this State ;

(*b*) is it true that these concessions were extended to the Anglo-Indians ; and

(*c*) are there any Anglo-Indians receiving these concessions at present ?

Minister for Local Self-Government (**Shri K. Kochukuttan**):

* (*a*) List showing details of the concessions available for backward classes is placed on the table.

(*b*) No.

(*c*) Does not arise.

Shri A. A. D. Luiz : Is the hon. Minister aware that only four Anglo-Indians are receiving half-fee concessions?

Shri K. Kochukuttan : That can be verified from the list placed on the table.

Shri A. A. D. Luiz : Are all educational institutions entitled to half-fee concessions ?

* Please See Appendix I.

LIBRARY ARCHIVES Kerala Legislative Assembly